പാഠം 11

# അതിയായ ആഗ്രഹം

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: 1 കൊരി. 10:1–11; ലേവ്യ. 4:32–35; യോഹ. 1:29; എബ്രാ. 4:1–11; സങ്കീ. 95:8–11.**

**മനഃപാഠവാക്യം: "ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു; അവർ മോഹിച്ചതു പോലെ നാമും ദുർമോഹികൾ ആകാതിരിക്കേണ്ടതിനു തന്നേ" (എബ്രാ. 10:6).**

"ന്യൂയോർക്കിലെ സകല കെട്ടിടങ്ങളെയും വരച്ചു ചേർത്തിട്ടുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ തച്ചുശാസ്ത്രനിർമ്മാണപ്രദർശന മാതൃക ഐക്യ സംസ്ഥാനങ്ങളിലെ ന്യൂയോർക്കു നഗരത്തിലുള്ള "ക്യൂൻസ് മ്യൂസിയം" എന്ന കലാകേന്ദ്രത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരിഞ്ചിന് മുപ്പത്തിമൂന്നു മീറ്റർ എന്ന അനുപാദത്തിൽ അത് എണ്ണൂറ്റിഎഴുപതു ചതുരശ്രമീറ്റർ ദൂരം വലയം ചെയ്യുന്നു. ആദ്യമായി ആയിരത്തിതൊള്ളായിരത്തി അറുപത്തിനാലിൽ (1964) പൂർത്തീകരിച്ചു. അതിൽ മൂന്നു വർഷത്തിലധികം നൂറിൽപ്പരം കലാകാരന്മാർ പ്രവർത്തിച്ചിട്ടുണ്ട്. 1990 ൽ നവീകരണം നടത്തിയ അതിൽ രണ്ടായിരത്തി ഇരുപത്തി ഒന്നിന്റെ (2021) മാതൃകയൊന്നുമില്ല. വാസ്തമായതിന്റെ വിശദവും ദുർഗ്രഹവും അതിശയിപ്പിക്കുന്നതുമായ ഒരു മാതൃകയാണത്.

അതു വെറുമൊരു പതിപ്പും മാതൃകയും ആണെങ്കിലും അതു പ്രതിനിധീകരിക്കുന്നത് അതിശ്രേഷ്ഠവും വലുതും വിപുലവും അതിദുർഗ്രാഹ്യവുമായ ഒന്നിനെയാണ്.

എല്ലാ മാതൃകകളും വാസ്തവത്തിൽ അപ്രകാരംന്നെയാണ്. അതൊന്നും യഥാർത്ഥത്തിലുള്ളതല്ലായെങ്കിലും യഥാർത്ഥമായതിന്റെ നിഴലായി പ്രവർത്തിക്കുന്നു. വാസ്തവമായതിനെ മനസ്സിലാക്കുന്നതിന് അതിന്റെ സാരാംശമായ മാതൃക നമ്മെ സഹായിക്കുന്നു. പക്ഷേ നിഴലായ ഈ മാതൃകയ്ക്കു വാസ്തമായതിനെ മാറ്റി വെയ്ക്കുവാനാകയില്ല. വാസ്തവമായത് എന്താണെന്നു ഗ്രഹിച്ചറിവാൻ മാതൃക ജനത്തെ സഹായിക്കുന്നു.

വിപുലവും സ്വർഗ്ഗീയവുമായ യാഥാർത്ഥ്യങ്ങളുടെ ചെറുമാതൃകകളാണു തിരുവെഴുത്തു മുഴുവനും. ബൈബിൾ വെളിപ്പെടുത്തുന്ന സ്വസ്ഥതയുടെ വാസ്തവിക നാം മനസ്സിലാക്കുവാൻ എബ്രായർ 4–ാം അദ്ധ്യായം നമ്മെ സഹായിക്കുന്നു.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് സെപ്റ്റംബർ 11 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## സ്നാനത്തിൽ മോശെയോടു ചേർന്നു

1 കൊരി. 10:1–11 വായിക്കുക. "ദൃഷ്ടാന്തങ്ങളെക്കുറിച്ചു സംസാരിക്കുന്നേരം കൊരിന്തിലെ ജനങ്ങളുടെ വായനയ്ക്കു പൗലൊസ് എഴുതുന്നതെന്താണ്?

1 കൊരി. 10:6 ലും 10:11 ലും "ദൃഷ്ടാന്തം" എന്നു വിവർത്തനം ചെയ്തിരിക്കുന്ന ഗ്രീക്കുവാക്ക് "typos" (ടിപ്പോസ്) എന്നുള്ളതാണ്. ഇംഗ്ലീഷിൽ "type" എന്ന വാക്കു ഗ്രീക്കിലെ ഈ നാമപദത്തിൽനിന്നുള്ളതാണ്. Type (ടൈപ്പ്) എന്നത് ഒരിക്കലും ആദ്യത്തേതല്ല എന്ന് അർത്ഥമാക്കുന്നു. ആദ്യത്തേതിന്റെ ഒരു മാതൃകയോ ഉദാഹരണമോ പ്രതിനിധാനമോ ഒക്കെ ആണ്. മറ്റെന്തിന്റെയോ ഒരു മാതൃക തന്നെ.

ഈ ബന്ധത്തിന്റെ ഒരു മാതൃക എബ്രാ. 8:5 തരുന്നു. "കൂടാരം തീർപ്പാൻ മോശെ ആരംഭിച്ചപ്പോൾ പർവ്വതത്തിൽ നിനക്കു കാണിച്ച മാതൃക പ്രകാരം നീ സകലവും ചെയ്വാൻ നോക്കുക" എന്ന് അവനോട് അരുളിച്ചെയ്തതുപോലെ അവർ സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തവും നിഴലും ആയതിൽ ശുശ്രൂഷ ചെയ്യുന്നു."

സ്വർഗ്ഗീയവും ഭൗമികവുമായവയുടെ യാഥാർത്ഥ്യങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് അതിന്റെ പ്രാധാന്യം വിവരിച്ചശേഷം പുറ. 25:9 എടുത്തുപറഞ്ഞുകൊണ്ട് ദൈവം പർവ്വതത്തിൽ കാണിച്ചുകൊടുത്തതിന്റെ മാതൃകയെപ്പറ്റി പറയുന്നു. ഭൗമിക കൂടാരവും അതിലെ ശുശ്രൂഷകളുമെല്ലാം ഇന്നു നമ്മുടെ ശ്രേഷ്ഠ മാഹപുരോഹിതനായ ക്രിസ്തു സ്വർഗ്ഗീയ വിശുദ്ധമന്ദിരത്തിൽ ചെയ്യുന്നതിന്റെ മാതൃകയോ അടയാളങ്ങളോ പ്രതിഛായയോ ഒക്കെ ആയിരുന്നു.

ഇതൊക്കെ മനസ്സിൽ സൂക്ഷിച്ചാൽ 1 കൊരി. 10 ൽ പൗലൊസ് പറയുന്നതു ഗ്രഹിപ്പാൻ എളുപ്പമാണ്. വാഗ്ദത്ത നാട്ടിലേക്കുള്ള യാത്രയിൽ മരുഭൂമിയിൽ വെച്ചു ദൈവമക്കൾ നേരിട്ട അനുഭവങ്ങളെ എടുത്തുപറയുന്നു. "നമ്മുടെ പിതാക്കന്മാർ" എന്നതു യെഹൂദാപൂർവ്വികരെ സൂചിപ്പിക്കുന്നു. മിസ്രയീം വിട്ടശേഷം അവർ മേഘത്തിൻ കീഴെ സഞ്ചരിച്ച്, സമുദ്രത്തൂടെ കടന്ന് അടിമത്വം വിട്ടൊഴിഞ്ഞുകൊണ്ടുള്ള സ്വാതന്ത്ര്യത്തിലേയ്ക്കവർ സ്നാനപ്പെട്ടുകയറി.

മരുഭൂയാത്രയിലെ ഈ സുപ്രധാന അനുഭവങ്ങളെ വ്യക്തിപര സ്നാനത്തിന്റെ മാതൃക, ദൃഷ്ടാന്തം എന്നൊക്കെ പൗലൊസ് കാണുന്നു. പൗലൊസിന്റെ കാൽച്ചുവട്ടിലെ ന്യായവാദപ്രകാരം ആത്മിക ആഹാരം എന്നത് അവർ ഭക്ഷിച്ച "മന്നായെ" സൂചിപ്പിക്കുന്നു (പുറ. 16:31–35 നോക്കുക). യിസ്രായേൽ ജനം പാറയിൽനിന്നു കുടിച്ചതിനെ ക്രിസ്തുവിൽനിന്നു കുടിച്ചതായി പൗലൊസ് പറയുന്നു (1 കൊരി. 10:4). "ജീവന്റെ അപ്പം" എന്നും (യോഹ. 6:48), "ജീവന്റെ വെള്ളം" (യോഹ. 4:10) എന്നും ഉള്ളതെല്ലാം ഒത്തുചേർക്കുമ്പോൾ എല്ലാം കൃത്യമായിരിക്കുന്നു. ഇന്നു ക്രിസ്ത്യാനികളായ ഓരോരുത്തർക്കും വ്യക്തിപരമായി ജീവിതത്തിൽ ഉൾക്കൊള്ളുന്നതിന് ഉതകുന്ന ആത്മിക സത്യങ്ങൾ പഴയകാല തിരുവെഴുത്തിൽനിന്ന് എടുത്തുമാതൃകയാക്കിക്കൊണ്ട് പൗലൊസ് സത്യം ഉറപ്പിക്കുന്നു.

പുറപ്പാടിൽ യിസ്രായേലിനുണ്ടായ അനുഭവത്തെ തിരിഞ്ഞുനോക്കുക. അവർ നമുക്കായി വെച്ചിരിക്കുന്ന നല്ലതും ചീത്തയുമായ മാതൃകകളിൽനിന്ന് ("ദൃഷ്ടാന്തം") നാം പഠിക്കുന്ന ആത്മിക പാഠങ്ങൾ എന്തെല്ലാമാണ്?

## അനുഷ്ഠാനങ്ങളും യാഗങ്ങളും

കഴിഞ്ഞദിവസം നാം പഠിച്ചതുപോലെ കർത്താവിനുമുമ്പ് എഴുതപ്പെട്ടിരുന്ന തിരുവെഴുത്തുകളിലെ ആചാരാനുഷ്ഠാനങ്ങളും യാഗങ്ങളുമെല്ലാം അടയാളങ്ങളായി പില്ക്കാല തിരുവെഴുത്തു സത്യങ്ങളിൽ വെളിപ്പെട്ടുവരുന്നു. ആധുനിക വായനക്കാർ ഇവയൊക്കെ വിലയില്ലാത്തതായി തള്ളുമെങ്കിലും അവയിൽ വിലപ്പെട്ട ആത്മിക സത്യങ്ങൾ സ്ഥിതിചെയ്യുന്നു.

ഒരു യഥാർത്ഥ യിസ്രായേല്യനു കൊടുത്തിരുന്ന പാപയാഗ നിർദ്ദേശങ്ങൾ ലേവ്യർ 4:32–35 ൽ വായിക്കുക. നമ്മുടെ പാപങ്ങൾക്കു യാഗാർപ്പണം നടത്തേണ്ട ബലിപീഠമോ വിശുദ്ധമന്ദിരമോ കൂടാരമോ ഇന്നില്ലായെങ്കിലും ഈ അനുഷ്ഠാനങ്ങളിൽ നിന്നു നാം എന്തു പഠിക്കുന്നു? ഈ അനുഷ്ഠാനങ്ങളെ യോഹ. 1:29 നോടും 1 പത്രൊ. 1:18–21 നോടും യോജിപ്പിക്കുക. ഒരു അനുഷ്ഠാനമെന്നത് അതിപ്രധാന മൂല്യങ്ങൾ പകർന്നുതരുന്നതും അവയെ അതിന്റെ സന്ദർഭത്തിനനുസരിച്ചു പഠിക്കേണ്ടതുമാണ്. ഒരു പ്രത്യേകസമയവും മുൻനിശ്ചയിച്ചപ്രകാരമുള്ള നിശ്ചിതസംഭവങ്ങളും അതിന് ആവശ്യമുണ്ട്. യാഗത്തെക്കുറിക്കുന്ന മുൻകാല ആധികാരിക ആജ്ഞകൾ നാം വായിക്കുമ്പോൾ യാഗാർപ്പണത്തിനുള്ളത് എന്തൊക്കെയാണെന്നതിന്റെ വ്യക്തത ദൈവം തന്നെ വരുത്തിയിരിക്കുന്നതായി കാണാം. എപ്പോൾ എവിടെ എങ്ങനെ വേണമെന്നതൊക്കെ അവയിലുണ്ട്.

ഇതിന്റെയൊക്കെ കേന്ദ്രമെന്നതു രക്തവും രക്തച്ചൊരിച്ചിലും രക്തം തളിക്കലും തന്നെ. ഇത് അത്ര മനോഹരമായതല്ല, കാരണം സകലലോകത്തിലും വെച്ച് ഏറ്റവും മ്ലേച്ഛവും അശുദ്ധവും ആയ പാപത്തോടു പങ്കുള്ളതാണ്. ഇതിൽ രക്തത്തിന്റെ യഥാർത്ഥ പങ്കെന്താണ്? യാഗപീഠത്തിന്റെ കൊമ്പുകളിൽ അതു പുരട്ടേണ്ടത് എന്തുകൊണ്ട്? കൂടാരശുശ്രൂഷയുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങളെല്ലാം നിർദ്ദേശങ്ങളായിക്കൊടുത്തിരിക്കുന്നതല്ലാതെ വിശദീകരണങ്ങളൊന്നും കൊടുത്തിട്ടുമില്ല. ചിലപ്പോൾ അതിന്റെ കാരണം ഇവയൊക്കെ ജനം നന്നായി അറിഞ്ഞിരുന്നതുകൊണ്ടാവാം. യിസ്രായേല്യർ രക്തത്തിന്റെ പ്രാധാന്യം നന്നായി അറിഞ്ഞിരുന്നു (ലേവ്യ. 17:11).

ലേവ്യ. 4:32–35 ഭാഗത്തുള്ള ദൃഷ്ടാന്തത്തിന്റെ വിശദീകരണം 35–ാം വാക്യത്തിൽ കാണാം. “പുരോഹിതർ യാഗപീഠത്തിന്മേൽ യഹോവയുടെ ദഹനയാഗങ്ങളെപ്പോലെ അവയെ ദഹിപ്പിക്കണം; അവൻ ചെയ്ത പാപത്തിനു പുരോഹിതൻ ഇങ്ങനെ പ്രായശ്ചിത്തം കഴിക്കണം; എന്നാൽ അത് അവനോടു ക്ഷമിക്കും.” പാപിയായ ഒരുവൻ പരിശുദ്ധനായ ദൈവത്തോടു നിരപ്പു പ്രാപിക്കുന്ന നീതീകരണത്തിന്റെ കേന്ദ്ര ആശയം രക്തം മാത്രമാണ്. ഈ യാഗങ്ങളിലെല്ലാം നാം കാണുന്ന നിഴൽ അല്ലെങ്കിൽ മാതൃക നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ മരണവും തുടർന്നുള്ള ശുശ്രൂഷകളുമാണ്. പാപമെന്നത് എത്ര ഹീനമായതാണെന്നു ചിന്തിക്കുക. പാപിയോടു നിരപ്പുവരുത്തി നീതീകരിപ്പാൻ ദൈവികത്വത്തിലെ ഒരു വ്യക്തി യേശു സ്വയം യാഗമായിത്തീരേണ്ടിവന്നു. നാം പ്രവൃത്തിയിൽ ആശ്രയിക്കാതെ കൃപയിൽ മാത്രം നിലനില്ക്കേണ്ടതിന്റെ ആവശ്യം ഇതുനമ്മെ എന്തു പഠിപ്പിക്കുന്നു? ക്രിസ്തു നമുക്കുവേണ്ടി ചെയ്തതിനോടു കൂട്ടിച്ചേർപ്പാൻ നമുക്ക് വേറെ എന്തുണ്ട്?

## സ്വസ്ഥതയുടെ ഉദാഹരണം

നാം കണ്ടുകൊണ്ടിരുന്ന ഉദാഹരണങ്ങൾ കൂടാതെ സ്വസ്ഥതയെ തിരുവചന വിഷയത്തോടും നിഴലുകളും മാതൃകകളും കൂട്ടിച്ചേർക്കാം. ഇതിനായി എബ്രായർക്കെഴുതിയ ലേഖനത്തിലേക്കു കടന്നുവരാം.

എബ്രാ. 4:1–11 വായിക്കുക. ദൈവത്തിന്റെ സ്വസ്ഥതയിലേക്കു പ്രവേശിക്കുന്നതിനുശേഷിക്കുന്നതെന്താണ്? യിസ്രായേല്യരുടെ വിടുതലും മരുഭൂപ്രയാണങ്ങളും ദൈവത്തിന്റെ സ്വസ്ഥതയിലേക്കു കടക്കുന്നതിന്റെ എന്ത് അധിക ഉൾക്കാഴ്ച നമുക്കു തരുന്നു? വിശ്വസ്തതയും ദീർഘക്ഷമയുമെന്ന വിഷയം ഇവിടെ പ്രധാനമാണ്. ഏഴാം ദിന ശബ്ബത്തിനെക്കുറിച്ചു പറയുന്നുണ്ടെങ്കിലും മുൻ അദ്ധ്യായങ്ങളിലെന്നപോലെ ഇവിടെയും പ്രധാന ശ്രദ്ധാകേന്ദ്രം വിശ്വാസം കാത്തു സൂക്ഷിക്കുന്നതും കർത്താവിന്റെ സുവിശേഷത്തിൽ ഉറച്ചു നില്പാൻ ദൈവജനമായി വിളിക്കപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ടെന്നുള്ളതും തന്നെ (എബ്രാ. 3:7–19 കാണുക).

ദൈവത്തിന്റെ മുൻകാല നടത്തിപ്പ് ദൈവജനം കൂടുതൽ ജാഗ്രതയോടെ കാണേണ്ടതാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. “അതുകൊണ്ട് ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തണ്ണം വീഴാതിരിക്കേണ്ടതിനു നാം ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ ഉത്സാഹിക്ക” (എബ്രാ. 4:11) ഉത്സാഹിക്ക! ഇതു വലിയൊരു അവസരമാണ്. യിസ്രായേല്യർ സുവിശേഷം കേട്ടു എങ്കിലും അത് അവർക്കു പ്രയോജനപ്പെട്ടില്ല. മത്സരിക്കാതെ അനുസരണയിൽ നിലനിന്നു ദൈവത്തിങ്കലെ ആശ്രയം ശക്തിപ്പെടുത്തേണ്ടതിനു പകരം അവർ അനുസരണക്കേടിൽ തകർന്നുവീണു. ഇത് എബ്രാ. 3:7–11 നോടു താരതമ്യപ്പെടുത്തുക. അതുകൊണ്ട് അവർക്കായി ദൈവം ഒരുക്കിയിരുന്ന സ്വസ്ഥതയിൽ അവർ എത്തിച്ചേർന്നില്ല.

സ്വസ്ഥതയും വിശ്വാസവും തമ്മിലുള്ള ഈടാർന്ന ബന്ധം എബ്രായർ 4:3 ചൂണ്ടിക്കാണിക്കുന്നു. ഈ വാഗ്ദത്തം ചെയ്തിരിക്കുന്നവനിൽ നാം വിശ്വസിക്കയും ആ വ്യക്തിയിൽത്തന്നെ സകല ആശ്രയവും വയ്ക്കുകയും വേണം. അതു ക്രിസ്തുയേശുതന്നെ. ആ കർത്താവാണു നമ്മെ സ്വസ്ഥതയിൽ പ്രവേശിപ്പിക്കുന്നത്.

എബ്രാ. 4:3 വീണ്ടും വായിക്കുക. ഇവിടെ പറയപ്പെട്ടിരിക്കുന്ന ജനതയുടെ പ്രധാന പ്രശ്നം എന്തായിരുന്നു? “അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു” (എബ്രാ. 4:2) എന്നതിൽ എന്തു പാഠം നമുക്കു ലഭിക്കുന്നു? ദൈവത്തിന്റെ മുൻകാല വെളിപ്പാട് (ഇന്നു പലരും അതിനെ പഴയനിയമം എന്നുവിളിക്കുന്നു) ആദ്യകാല ക്രിസ്ത്യാനികൾ സ്വീകരിച്ചിരുന്നു. പാപങ്ങൾക്കുവേണ്ടി യാഗമാകുന്ന ദൈവത്തിന്റെ കുഞ്ഞാടു യേശുക്രിസ്തുവാണെന്ന് അവർ വിശ്വസിച്ചു. വിശ്വാസത്തിൽകൂടെ അവർ ആ യാഗത്തിൽ നിലനില്ക്കുകയും യേശുവിൽകൂടെ അനുഭവമാകുന്ന രക്ഷണ്യ സ്വസ്ഥത അവർ അനുഭവത്തിൽകൊണ്ടുവരികയും ചെയ്യേണ്ടതായിരുന്നു.

നാം രക്ഷിക്കപ്പെടുന്നതു കൃപയിൽക്കൂടെ മാത്രമാണെന്നും അതിനു പ്രവൃത്തികൾ കാരണമല്ലായെന്നും അറിഞ്ഞുകൊണ്ടു ക്രിസ്തു നമുക്കായി ചൊരിഞ്ഞിരിക്കുന്ന രക്തത്തിൽക്കൂടെയുള്ള സ്വസ്ഥത നമുക്കെങ്ങനെ ജീവിതത്തിൽ അവകാശമാക്കാം?

## “നിങ്ങൾക്കുള്ള ഹൃദയം കഠിനമാക്കരുത്”

എബ്രായർ 4:4–7; സങ്കീ. 95:8–11 വായിക്കുക. ഇവിടെ എബ്രായ ലേഖനത്തിലും സങ്കീർത്തനത്തിലും കാണപ്പെടുന്ന മുന്നറിയിപ്പ് എന്താണ്? ഇന്നു നമ്മോട് ഇത് എന്തുപറയുന്നു?

യിസ്രായേല്യർ കാണിച്ച വിശ്വാസരാഹിത്യവും ദൈവം അവർക്കായി കരുതിയിരുന്ന സ്വസ്ഥതയിൽ അവർ കടക്കാതിരുന്നതിന്റെ കാരണവും വിവരിച്ചുകൊണ്ട് സൃഷ്ടിപ്പിൻ വിവരണവും സങ്കീ. 95:11 ഉം കൂടെ ഇവിടെ വിശദീകരിക്കുന്നു.

യിസ്രായേലിന്റെ മരുഭൂപ്രയാണ അനുഭവവും വാഗ്ദത്തനാട്ടിൽ അവർ കടക്കില്ലായെന്നുള്ള ദൈവിക പ്രതിജ്ഞയും സങ്കീ. 95:8–11 എടുത്തുപറയുകയാണ്.

യിസ്രായേല്യരുടെ ഒരു പുതുതലമുറ വാഗ്ദത്തനാട്ടിൽ കടന്നു. ദൈവശക്തി കൊണ്ട് അവർ അവിടെ ശക്തമായ രാജ്യങ്ങളെ തോല്പിച്ചു കൈവശപ്പെടുത്തി.

ലോകനിന്ദിതമായ അവരുടെ അനുസരണക്കേടു നിമിത്തം യേശുവിൽ കൂടെയുള്ള വിശ്വാസം അനുഭവിച്ചറിയായ്കകൊണ്ടും അവരിൽ അനേകരും ദൈവത്തിന്റെ സ്വസ്ഥതയിൽ കടന്നില്ല. ജനം എവിടെ താമസിച്ചുകൊണ്ടിരിക്കുന്നു എന്നതു കണക്കിടാതെ സ്വസ്ഥതയെ ഇവിടെ ബന്ധിപ്പിക്കുന്നു.

ദൈവത്തിൽ ആശ്രയം വയ്ക്കേണ്ടതിന്റെ ദിവ്യവാഗ്ദത്തം ലഭിച്ചവർ അനുസരണക്കേടുകാണിച്ചു എന്ന് എബ്രായർ 4:6 പറയുന്നു. ദൈവിക സ്വസ്ഥതയിൽ കടക്കുന്നതും അനുസരണക്കേടും തമ്മിൽ എന്തുബന്ധമാണുള്ളത്?

“ഇന്ന്” എന്നതു ദൂതിന്റെ തിടുക്കത്തെ കാണിക്കുന്നു. ഇന്ന് എന്നതു മിനക്കെട്ടു നടപ്പാൻ സമയമില്ലായെന്ന് ആവർത്തിക്കുകയാണ്. “ഇന്ന്” എന്നതു ഇപ്പോൾത്തന്നെ പ്രതികരണവും തീരുമാനവും ആവശ്യപ്പെടുന്നു.

ഈ സന്ദർഭത്തിൽ സ്വസ്ഥതയെന്നത് എന്തുമാത്രം പ്രാധാന്യം അർഹിക്കുന്നുവെന്നു കാണിപ്പാൻ പൗലൊസ് “സെമറോൻ” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. ഇതിന്റെ വിവർത്തനമായ “ഇന്ന്” എന്നത് തിടുക്കത്തെ കാണിക്കുകയാണ്. ദൈവം നമുക്കു ദാനം ചെയ്യുന്ന സ്വസ്ഥത എന്തു വിലപ്പെട്ടതെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടു പൂർവ്വകാല ദൈവജനമെന്നു പേർ പറഞ്ഞിരിക്കുന്നവർ സ്വസ്ഥതയിൽ കടക്കാതിരുന്നതിന്റെ കാരണം വിവരിച്ച് സങ്കീ. 95:7,8 വാക്യങ്ങൾ നമുക്കു വീണ്ടും മുന്നറിയിപ്പു തരുന്നു.

“ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ... നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുത്” (സങ്കീ. 95:8) എന്നതു നമുക്കിന്ന് എന്ത് അർത്ഥമാക്കുന്നു? “ഇന്ന്” എന്ന വാക്കിന്റെ പ്രാധാന്യം എന്താണ്? സങ്കീർത്തനത്തിൽ ഈ വാക്യം ആയിരക്കണക്കായ വർഷങ്ങൾക്കുമുമ്പ് എഴുതപ്പെട്ടതാണെങ്കിലും അന്ന് ഈ വാക്യം കേട്ടവർ എന്നതിലുമുപരിയായി “ഇന്ന്” ഇത് എന്തുമാത്രം അത്യാവശ്യമായിരിക്കുന്നു?

## സ്വർഗ്ഗീയ നഗരം ജയിച്ചടക്കൽ

എബ്രായർ നാലിന്റെ കേന്ദ്ര ആശയം 4:8–11 വാക്യങ്ങളിൽ വ്യക്തമാണ്. യോശുവ യിസ്രായേല്യർക്കു സ്വസ്ഥത നൽകിയില്ല. ദൈവം ഒരിക്കലും പൊളിവാക്കു പറക യില്ല. ദൈവജനത്തിന് ഒരു സ്വസ്ഥത വാസ്തവത്തിൽ ശേഷിച്ചിരിക്കയാണ്. ഈ സ്വസ്ഥതയിൽ കടക്കുന്നവർ യിസ്രായേലിൽ നിന്നുള്ളവർ മാത്രമല്ല. യേശുവിനെ തങ്ങളുടെ വ്യക്തപര രക്ഷകനായി കണ്ടെത്തിയവരെല്ലാം അതിൽ ഉൾപ്പെട്ടിരിക്കുന്നു.

ഗലാത്യർ 3:26–29 വായിക്കുക. ക്രൂശിനുമുമ്പ് ദൈവിക ഉടമ്പടി കൈക്കൊണ്ടി രുന്ന ജനത്തിന്റെ പ്രത്യേകത എന്തായിരുന്നു? പൗലൊസ് എഴുതുന്ന ഈ സന്ദർഭ പ്രകാരം യെഹൂദനെന്നോ, യവനനെന്നോ, അടിമയെന്നോ, സ്വതന്ത്രനെന്നോ, ആണും പെണ്ണും എന്നോ ഒക്കെയുള്ള യാതൊരു പ്രത്യേകതയും അതില്ലില്ലാ എന്ന തിന്റെ അർത്ഥം എന്താണ്?

ഏഴാംദിന ശബ്ബത്ത് ഉറപ്പിച്ചു പറയേണ്ടതിനു ചിലപ്പോഴൊക്കെ എബ്രായർ 4 ഉപയോഗിക്കാറുണ്ട്. ശബ്ബത്തു സ്വസ്ഥതയുടെ ഉറപ്പു പ്രഖ്യാപിക്കാനും ചിലപ്പോൾ ഇത് ഉപയോഗിക്കുന്നു. അന്ത്യ സ്വസ്ഥതയെന്നതിനെ ഇതുമായി ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. എന്തായിരുന്നാലും അതെല്ലാം ശരിതന്നെ. പക്ഷേ ഈ വാക്യം പ്രത്യേകം അർത്ഥമാക്കുന്നതു സൃഷ്ടിപ്പിനെ തുടർന്നുള്ള ശബ്ബത്തു സ്വസ്ഥത വരാ നിരിക്കുന്ന സ്വർഗ്ഗീയ സ്വസ്ഥതയുടെ അനുഭവം ആഴ്ചതോറും നമുക്ക് അനുഭവ മാക്കുന്നതിനെയാണ്. വാസ്തവത്തിൽ യെഹൂദന്മാർ ശബ്ബത്തിനെക്കുറിച്ചു മനസ്സി ലാക്കിയിരുന്നത് അതു വരാനിരിക്കുന്ന ലോകത്തിന്റെ മുൻഗാമികൾ എന്ന നില യിൽത്തന്നെ ആയിരുന്നു.

ശബ്ബത്തു തുല്യസ്വസ്ഥത ജൈവജനത്തിന്റെ കാതുകളിൽ പ്രതിധ്വനിക്കുന്നത് ഈ ലോകചരിത്രത്തിന്റെ ആദ്യശബ്ബത്ത് അനുഭവം തന്നെയാണ്. നമുക്കുവേണ്ടി ദൈവം ഒരുക്കിക്കൊണ്ടിരിക്കുന്ന രക്ഷയുടെ വാഗ്ദത്തം നിറവേറുമെന്നുള്ള ധൈര്യ ത്തോടെ അന്നു നമ്മുടെ സകലവേലകളിൽനിന്നും ഒഴിഞ്ഞിരിക്കാം. ചില വ്യാഖ്യാ താക്കൾ പറയുന്നത് ക്രിസ്തുവിൽ ശബ്ബത്തു സ്വസ്ഥത നിറവേറിക്കഴിഞ്ഞു എന്നും ഇനി ക്രിസ്ത്യാനികളായവർ അത് ആചരിക്കേണ്ടുന്ന ആവശ്യകത ഇല്ലായെന്നു മാണ്. ഇതിനു വിപരീതമായി നാം പഠിച്ച വാക്യങ്ങളുടെ സന്ദർഭം നിലനില്ക്കുന്നു. ക്രിസ്തുവിൽക്കൂടെ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന അന്തിമ സ്വസ്ഥത പത്തു കല്പ നയിലെ വിശുദ്ധശബ്ബത്തിനെ ഒഴിവാക്കുന്നില്ല. അതിനെ ഉറപ്പിക്കമാത്രമേ ചെയ്യു ന്നുള്ളൂ.

കഠിനാദ്ധ്വാനവും ഊർജ്ജസ്വലതയുമുള്ളവരും തന്നെത്താൻ സകലവും നേടി യെന്നു ചിന്തിക്കുന്നവരുമായവർക്കുമാത്രം വിലകല്പിക്കുന്ന ഒരു ജനതയുടെ ഇന്നത്തെ ഈ ഭൂമിയിൽ നമ്മെ രക്ഷിച്ചു രൂപാന്തരപ്പെടുത്തുന്നതിനും യേശുവിൽ ആശ്രയംവച്ചു തിരുകൃപയിൽ ചാരണമെന്നു പറയുന്നതു സംസ്കാരശൂന്യമെന്നു ലോകർ ചിന്തിക്കും. തങ്ങളുടെ പാപങ്ങൾ ഏറ്റവും ഗൗരവതരമായതും ഹൃദയരൂ പാന്തരം അവർക്ക് അസാദ്ധ്യവും അവരുടെ കാര്യം പ്രത്യാശാരഹിതവും ആണെന്നു ചിന്തിച്ചുകൊണ്ടിരിക്കുന്നവരോടു യേശുവിങ്കലെ സ്വസ്ഥതയെപ്പറ്റി നിങ്ങൾക്ക് എന്തു ത്തരം പറയുവാനാകും? അവരോടു പങ്കിടേണ്ടതായ തിരുവചനവാക്യങ്ങൾ ഏതൊ ക്കെയാണ്?

## കൂടുതൽ ആശയങ്ങൾ:

“നമ്മുടെ പ്രതികൂലതകളും വൈഷമ്യങ്ങളുമായി യേശുവിന്റെ അടുക്കൽ വരാൻ നാം പലപ്പോഴും വിമുഖരാണ്. ചിലപ്പോൾ നമ്മുടെ പ്രയാസങ്ങൾ സഹായിക്കാനാകാത്ത മാനുഷിക കാതുകളിൽ കേൾപ്പിക്കും. നമ്മുടെ ദുഃഖം നിറഞ്ഞ പാതകളുമായി യേശുവിന്നരികിൽ വന്നു കർത്താവിന്റെ കാൽക്കീഴിൽ അവ സമർപ്പിച്ചാൽ ആനന്ദവും സമാധാനവും കർത്താവു ദാനം ചെയ്യും. സ്വയത്തെ വെടിഞ്ഞുകൊണ്ട് സ്വയത്യാഗം നടത്തുന്നതു ക്രൂശിനു മഹത്വവും വിജയവുമാണ്. ദൈവവാഗ്ദത്തങ്ങൾ എത്രയും വിലപ്പെട്ടവതന്നെ. ദൈവേഷ്ടം ഗ്രഹിച്ചറിയേണ്ടതിനു നാം തിരുവചനം പഠിച്ചു മനസ്സിലാക്കേണ്ടതാണ്. പരിശുദ്ധാത്മനിയോഗത്താൽ എഴുതപ്പെട്ട തിരുവെഴുത്തു സൂക്ഷ്മതയോടെ പഠിച്ചു ഗ്രഹിക്കുകയും വിശ്വസ്തതയോടെ അനുസരിക്കുകയും ചെയ്യുന്നതു നമ്മുടെ പാതയെ വിശാലപ്രതലത്തിലാക്കും. അവിടെ നാം ഒരിക്കലും തകർന്നുവീഴുകയില്ല. അയ്യോ എല്ലാ സുവിശേഷകരും ജനങ്ങളും അവരവരുടെ ഭാരങ്ങളും പ്രതികൂലതകളും യേശുവിങ്കൽ ഏല്പിച്ചിരുന്നെങ്കിൽ അവയെല്ലാം സ്വീകരിപ്പാൻ കർത്താവ് എത്ര സന്തോഷമായി കാത്തിരിക്കുന്നു! അവർക്കു സമാധാനവും സ്വസ്ഥതയും ലഭ്യമായേനെ! തങ്കൽ ആശ്രയിക്കുന്നവരെ ആ കർത്താവ് ഒരിക്കലും കൈവെടിയുകില്ല” EGW. Signs of the Times, March 17, 1887, P. 161.

“എന്റെ പ്രിയ യുവജനങ്ങളേ, നിങ്ങളുടെ നീതിമാനായ ന്യായാധിപൻ സ്വർഗ്ഗീയപിതാവിന്റെയും വിശുദ്ധദൂതഗണത്തിന്റെയും മുമ്പാകെ നിങ്ങളുടെ പേരുകൾ ഏറ്റുപറയുന്നതു സന്തോഷ പ്രത്യാശയിലും പ്രതീക്ഷയിലും നിങ്ങൾക്കു കാണാനാകുന്നുണ്ടോ? നമ്മുടെ കർത്താവ് ആദ്യം ഈ ഭൂമിയിൽ കടന്നുവന്നപ്പോൾ നമുക്കായി ഏല്പിച്ച രക്ഷയുടെ വലിയ സന്തോഷത്തിൽ വിശ്വാസത്തോടുകൂടെ ആശ്രയിച്ചു സ്വസ്ഥമായിരിക്കുന്നതാണ് തന്റെ വീണ്ടുംവരവിനുള്ള ഏറ്റവും നല്ല ഒരുക്കമായി നിങ്ങൾക്കു ചെയ്യാവുന്ന അതിശ്രേഷ്ഠ തയ്യാറെടുപ്പ്. നിങ്ങളുടെ വ്യക്തിപര രക്ഷകനായി വിശ്വാസത്തോടുകൂടെ നിങ്ങൾ ക്രിസ്തുവിൽ ആശ്രയിക്കണം” OHC, P. 368.

## ചർച്ചാചോദ്യങ്ങൾ

1. **തന്റെ ജനത്തിനു കർത്താവ് ഒരുക്കുന്ന സ്വർഗ്ഗീയ സ്വസ്ഥതയെ എടുത്തുപറയുന്നതുകൊണ്ട് ഏഴാംദിന ശബ്ബത്ത് എപ്രകാരം പ്രത്യേകതയുള്ളതാണ്? ശബ്ബത്ത് സ്വസ്ഥത നിത്യതയുടെ ഒരു മുൻരുചി നമുക്കു തരുന്നതെങ്ങനെ?**
2. **റോമർ 5:11 ൽ കാണുന്ന ഈ പ്രസ്താവന ധ്യാനിക്കുക. ദൈവത്തോടു നിരപ്പു പ്രാപിക്കുക എന്നാൽ എന്താണെന്നും നിങ്ങളുടെ ജീവിതത്തിൽ അത് എന്തുമാറ്റം വരുത്തിയിരിക്കുന്നു എന്നും നിങ്ങളോട് ആരെങ്കിലും ചോദിച്ചാൽ എന്തുത്തരം പറയും?**
3. **നമ്മുടെ ക്രിസ്തീയജീവിതത്തിൽ ചെറിയ കാര്യങ്ങൾക്ക് അത്യധികം പ്രാധാന്യം കൊടുത്തുകൊണ്ട് വൻകാര്യങ്ങളെ മാറ്റിവയ്ക്കുന്ന പ്രവണതയെ എങ്ങനെ ഒഴിവാക്കും? ദൈവവചനത്തിൽ തന്നിരിക്കുന്ന വൻകാര്യങ്ങളെ ശ്രദ്ധാകേന്ദ്രമാക്കുന്നത് എങ്ങനെ?**
4. **പൂർവ്വിക യിസ്രായേൽ മരുഭൂയാത്രയിൽ ചെയ്തുകൂട്ടിയ എല്ലാ തെറ്റുകുറ്റങ്ങളും വിശ്വാസരാഹിത്യവും ചിന്താവിഷയമാക്കുക. അവരുടെ പ്രശ്നങ്ങൾ നമ്മുടേതിൽനിന്നു വ്യത്യസ്തമായിരുന്നെങ്കിലും പൊതുവിലുള്ളതെന്താണ്? അവരുടെ തെറ്റുകളിൽനിന്നു നമ്മൾ എന്തുപാഠം പഠിക്കുന്നു?**